**കേരള സർക്കാർ**

നം.തസ്വഭവ-ആർ.എ 1/50/2020-തസ്വഭവ

തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പ്
തിരുവനന്തപുരം, തീയതി:11.06.2020

## പരിപത്രം

വിഷയം: തദ്ദേശസ്വയംഭരണ വകുപ്പ് - രണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി വ്യാപിച്ച കിടക്കുന്ന വിവിധ ഗണത്തിൽപ്പെട്ട കെട്ടിടങ്ങൾക്ക് പ്ലാൻ അംഗീകരിച്ച് നല്കുന്നതിൽ സ്പഷ്ടീകരണം നല്കുന്നത്- സംബന്ധിച്ച്.

സൂചന:
1. 04.09.2019 ലെ ആർ.എ.1/81/2019-തസ്വഭവ നമ്പർ പരിപത്രം
2. പഞ്ചായത്ത് ഡയറക്ടറുടെ 30/12/2019 ലെ PAN/16634/ 2019/C8([DP) നം കത്ത്
3. മുഖ്യ നഗരാസൂത്രകയുടെ 06/03/2020 ലെ TCPCTP/377/2020-C3 നമ്പർ കത്ത്

രണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി വ്യാപിച്ച കിടക്കുന്ന അസംബ്ലി ഗണത്തിൽപ്പെട്ട കെട്ടിടങ്ങളുടെ പ്ലാൻ അംഗീകരിച്ച് നല്കുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ സൂചന (1) പ്രകാരം പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഈ മാർഗ്ഗനിർദ്ദേശങ്ങൾ മറ്റ് വിനിയോഗഗണത്തിൽപ്പെട്ട കെട്ടിടങ്ങൾക്ക് ബാധകമാകുമോ എന്നത് സംബന്ധിച്ച് സ്പഷ്ടീകരണം നല്കുവാൻ സൂചന (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു. തുടർന്ന് ഇതിന്മേൽ മുഖ്യ നഗരാസൂത്രകയുടെ അഭിപ്രായം തേടിയപ്പോൾ ഈ മാർഗ്ഗനിർദ്ദേശങ്ങൾ മറ്റ് വിനിയോഗ ഗണത്തിൽപ്പെട്ട കെട്ടിടങ്ങൾക്കും ബാധകമാക്കാവുന്നതാണെന്ന് അഭിപ്രായപ്പെട്ടു. ഈ സാഹചര്യത്തിൽ സൂചന (1) പ്രകാരം പുറപ്പെടുവിച്ച പരിപത്രത്തിൽ രണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വ്യാപിച്ച കിടക്കുന്ന അസംബ്ലി ഗണത്തിൽപ്പെട്ട കെട്ടിടങ്ങളുടെ പ്ലാൻ അംഗീകരിച്ച് നല്കുന്നത് സംബന്ധിച്ച് പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ഇത്തരത്തിൽ രണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി വ്യാപിച്ച കിടക്കുന്ന മറ്റ് വിനിയോഗ ഗണത്തിൽപ്പെട്ട കെട്ടിടങ്ങളുടെ പ്ലാൻ അംഗീകരിച്ച് നല്കുന്നതിനും ബാധകമാക്കാവുന്നതാണെന്ന് നിർദ്ദേശം നല്കുന്നു.

**ബിശ്വനാഥ് സിൻഹ**
**പ്രിൻസിപ്പൽ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)
ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്)
റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യം (കൊല്ലം, കൊച്ചി, കോഴിക്കോട്)
എല്ലാ ജില്ലാ നഗരാസൂത്രകർക്കും (മുഖ്യ നഗരാസൂത്രക മുഖേനെ)
എല്ലാ കോർപ്പറേഷൻ/ നഗരസഭാ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേനെ )
എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേനെ)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ (വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിക്കുന്നതിനായി)
വെബ് & ന്യൂ മീഡിയ, ഐ &പി.ആർ.ഡി
തദ്ദേശസ്വയംഭരണ (ആർ.എ 2/ആർ.എ 3/ആർ.ബി/ആർ.ഡി.) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.